# ലേല/ ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് തിരുവില്വാമല ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

തിരുവില്വാമല ഗ്രൂപ്പിൽപ്പെട്ട വെങ്ങാനെല്ലൂർ ദേവസ്വം കീഴേടം എലിയപ്പെറ്റ ക്ഷേത്രപറമ്പിലെ 11 തേക്ക് മരങ്ങളും, വീണ് കിടക്കുന്ന 2 തേക്ക് മരങ്ങളും ലേലം ചെയ്ത് കൊണ്ടുപോകുന്നതിനുള്ള അവകാശം 2023 മാണ്ട് ആഗസ്റ്റ് 22... മാസം...... പകൽ 11.....മണിക്ക് എലിയപ്പെറ്റ ക്ഷേത്രത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിനു അരമണിക്കൂർ മുൻപ് നിരതദ്രവ്യമായി 7500/-ക ദേവസ്വത്തിൽ കെട്ടിവെയ്ക്കേണ്ടതാണ്. ലേലത്തിനു ശേഷം ലേലക്കാരൻ ഒഴികെ മറ്റുള്ളവർക്കെല്ലാം നിരതദ്രവ്യം മടക്കി നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യം ഉള്ളവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതുമാണ്. ലേലം ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളിന്റെ പേരിൽ മൂന്ന് വാക്ക് വിളിച്ച് ഉറപ്പിക്കുന്നതും, ലേലം കൊണ്ട ആൾ ലേലസംഖ്യ മുഴുവൻ അപ്പോൾ തന്നെ അടച്ച് ദേവസ്വത്തിൽ നിന്ന് രശീതി വാങ്ങേണ്ടതുമാണ്. ലേലം കൊണ്ട ആൾ ലേലത്തിനു പുറമേ വരുന്ന എല്ലാ നികുതികളും (18% Gst&5% FDT) അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. ലേലക്കാരന്റെ അശ്രദ്ധമൂലമോ മറ്റു കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന് ലേലക്കാരൻ പരിപൂർണ്ണ ഉത്തരവാദിയും നിയമ നടപടികൾക്ക് വിധേയനുമാണ്. ലേലമുതൽ പത്ത് ദിവസത്തിനകം നീക്കം ചെയ്യേണ്ടതും, ക്ഷേത്രത്തിലെ മറ്റു മുതലുകൾക്ക് നാശനഷ്ടങ്ങൾ ഒന്നുമുണ്ടാകാതെ മരം കൊണ്ടുപോകേണ്ടതുമാണ്.

ഈ ലേലത്തെപ്പറ്റി കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ വടക്കാഞ്ചേരി തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിലോ, വെങ്ങാനെല്ലൂർ ദേവസ്വം ഓഫീസിലോ പ്രവർത്തി സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഈ ലേലം ഗുണകരമല്ലെന്ന് കണ്ടാൽ മാറ്റി വയ്ക്കുന്നതിനോ, മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

27/7/23

അസിസ്റ്റന്റ്കമ്മീഷ്ണർ
തിരുവില്വാമല ഗ്രൂപ്പ്

ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ്,
തിരുവില്വാമല ഗ്രൂപ്പ്, വടക്കാഞ്ചേരി
/07/2023